സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 283 2026 ഫെബ്രുവരി 24 ചൊവ്വ പേജ്: 4 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## വലിയങ്ങാടി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് ഒരുലക്ഷം നൽകും

കോഴിക്കോട്: വലിയങ്ങാടിയിൽ കോർപറേഷൻ ഉടമസ്ഥതയിലുള്ള കെട്ടിടം തകർന്ന് നാലുപേര് മരിച്ചതിൽ വിശദീകരണവുമായി മേയർ. പൊളിച്ചുപണിയാൻ തീരുമാനിച്ച കെട്ടിടമാണ് തകർന്നതെന്നും എന്നാൽ ലൈസൻസുള്ളവരെ ഇറക്കിവിട്ടിരുന്നില്ലെന്നും മേയർ ഒ. സദാശിവൻ പറഞ്ഞു. അപകടമുണ്ടായ കെട്ടിടം അൺഫിറ്റ് പട്ടികയിൽ ഇല്ല. റിപ്പോർട്ട് കിട്ടയ ഉടൻ ആളുകളെ ഇറക്കിവിടാൻ കഴിയില്ല. കോർപറേഷനിൽ 16 കെട്ടിടങ്ങൾ അപകടാവസ്ഥയിലാണെന്ന് 2022ൽ കണ്ടെത്തിയിരുന്നവെന്നും മേയർ പറഞ്ഞു. കെട്ടിത്തിന്റെ സൺഷൈഡ് തകർന്ന് മരിച്ചവരടെ കുടുംബത്തിന് ഒരു ലക്ഷം രൂപ വീതവും പരിക്കേറ്റയാൾക്ക് 50000 രൂപയും ധനസഹായം നൽകുമെന്നും മേയർ പറഞ്ഞു.

# മുഖ്യമന്ത്രിയുടെ ഓഫീസിനെതിരെ വിമർശനവുമായി ഹൈക്കോടതി

കൊച്ചി: സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ ചോർത്തിയ സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ ഓഫീസിനെതിരെ ഹൈക്കോടതി. മുഖ്യമന്ത്രിയുടെ ഓഫീസിന് എങ്ങനെ സ്പാർക്കിലെ വിവരങ്ങൾ ലഭിച്ചെന്ന് ഹൈക്കോടതി ചോദിച്ചു. വ്യക്തിഗത വിവരങ്ങൾ ഔദ്യോഗികാവശ്യത്തിനല്ലാതെ ഉപയോഗിക്കരുതെന്ന് മുൻകാല ഉത്തരവുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി. സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണിതെന്നും കോടതി വ്യക്തമാക്കി.

സർക്കാർ ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങൾ ദുരുപയോഗം ചെയ്തെന്ന് ചൂണ്ടിക്കാട്ടി പിണറായി വിജയന്റെ ഓഫീസിനെതിരെ നൽകിയ ഹർജി പരിഗണിക്കെയാണ് ഹൈക്കോടതി രൂക്ഷ വിമർശനം നടത്തിയത്. ഉദ്യോഗസ്ഥരുടെ വാട്സാപ്പ് നമ്പറുകൾ ശേഖരിച്ചത് രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയാണെന്ന് ഹർജിയിൽ പരാമർശിച്ചിട്ടുണ്ട്.

കഴിഞ്ഞ ദിവസങ്ങളിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് സംസ്ഥാനത്തെ അഞ്ച് ലക്ഷത്തോളമുള്ള ജീവനക്കാർക്ക് ക്ഷേമപ്രവർത്തനങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സന്ദേശമെത്തിയിരുന്നു. ഡി എ 10ശതമാനം അനുവദിച്ച് ഉത്തരവിറങ്ങിയതിനുപിന്നാലെയാണ് ജീവനക്കാരുടെ വാട്സാപ്പ് നമ്പറിലേക്ക് മുഖ്യമന്ത്രിയുടെ സന്ദേശം വന്നതെന്നായിരുന്നു വിവാദം. ജീവനക്കാരുടെ സ്വകാര്യ ഫോൺനമ്പറുകളിലേക്ക് ഗ്രൂപ്പായി സന്ദേശമയച്ചതിലൂടെ ശമ്പള സോഫ്റ്റ്‌വേയറായ സ്പാർക്കിൽ നിന്നുള്ള ഡേറ്റാ ചോർത്തിയെന്നും ജീവനക്കാരുടെ സ്വകാര്യത ലംഘിച്ചെന്നും പ്രതിപക്ഷ സർവീസ് സംഘടനകൾ ആരോപിക്കുന്നു.

ജീവനക്കാരുടെ പേരുപറഞ്ഞ് അഭിസംബോധന ചെയ്താണ് മുഖ്യമന്ത്രിയുടെ സന്ദേശം. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പാക്കുകയാണെന്നും ജീവനക്കാരുടെ ക്ഷേമവും അവകാശങ്ങളും സംരക്ഷിക്കാൻ ഈ സർക്കാർ എന്നും ഒപ്പമുണ്ട്. വരുംനാളുകളിലും ഈ കരുതൽ തുടരുമെന്നുമായിരുന്നു സന്ദേശം.

## പവൻവിലയിൽ വീണ്ടും വർദ്ധനവ്

തിരു: സംസ്ഥാനത്തെ സ്വർണവിലയിൽ വീണ്ടും വർദ്ധനവ്. ഇന്ന് പവന് 1,120 രൂപ കൂടി 1,18,640 രൂപയും ഗ്രാമിന് 140 രൂപ ഉയർന്ന് 14,830 രൂപയുമായി. ഇന്നലെ രണ്ടുതവണ സ്വർണവിലയിൽ മാറ്റം രേഖപ്പെടുത്തിയിരുന്നു. ആഗോള വിപണിയിൽ കഴിഞ്ഞ ദിവസം രാവിലെയോടെ പവന് 1,520 രൂപ കൂടി 1,18,320 രൂപയും ഉച്ചയ്ക്കുശേഷം പവൻവിലയിൽ 800 രൂപ കുറഞ്ഞ് 1,17,520 രൂപയുമായിരുന്നു. ഈ മാസത്തെ ഇതുവരെയുള്ള ഏറ്റവും ഉയർന്ന സ്വർണനിരക്ക് രേഖപ്പെടുത്തിയത് ഇന്നാണ്. ഫെബ്രുവരി രണ്ടിനാണ് ആഗോള വിപണിയിൽ ഈ മാസത്തെ ഇതുവരെയുള്ള ഏറ്റവും കുറഞ്ഞ് സ്വർണനിരക്ക് രേഖപ്പെടുത്തിയത്. അന്ന് പവന് 1,07,920 രൂപയും ഗ്രാമിന് 13,490 രൂപയുമായിരുന്നു.

സ്വർണ വിലയിലെ വൻകുതിപ്പ് സൂക്ഷ്മതയോടെ നിരീക്ഷിക്കുകയാണെന്നും നിലവിൽ ഇന്ത്യയ്ക്ക് ആശങ്കയ്ക്ക് വകയില്ലെന്നും ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്നലെ അറിയിച്ചു. ലോകത്തിലെ പ്രമുഖ രാജ്യങ്ങളുടെ കേന്ദ്ര ബാങ്കുകൾ വലിയ തോതിൽ സ്വർണവും വെള്ളിയും വാങ്ങിക്കൂട്ടുന്നതാണ് വില ഉയർത്തുന്നതെന്ന് റിസർവ് ബാങ്കിന്റെ ബോർഡ് ഒഫ് ഡയറക്ടർമാരുടെ യോഗത്തിന് ശേഷം നിർമ്മല സീതാരാമൻ വ്യക്തമാക്കി. കുടുംബങ്ങളുടെ ഏറ്റവും പ്രിയപ്പെട്ടതും സുരക്ഷിതവുമായ നിക്ഷേപവും സ്വർണമാണ്. ആഘോഷ കാലയളവുകളിലും ഇന്ത്യയിൽ സ്വർണ ഉപഭോഗം ഗണ്യമായി ഉയരുന്നു. സർക്കാർ അടിയന്തരമായ ഇടപെടേണ്ട ആശങ്കാജനകമായ സ്ഥിതിയിലേക്ക് വില വർദ്ധന മാറിയിട്ടില്ലെന്നും നിർമ്മല സീതാരാമൻ കൂട്ടിച്ചേർത്തു.

## അവസാനദിനവും സഭയിൽ കനത്ത പ്രതിഷേധം

### 'ചരിത്രത്തിലെ ഏറ്റവും കഴിവുകെട്ട പ്രതിപക്ഷ'മെന്ന് ഭരണപക്ഷം

തിരു: പതിനഞ്ചാം നിയമസഭയുടെ അവസാന സമ്മേളനത്തിലും സഭയിൽ പ്രതിപക്ഷ പ്രതിഷേധം. ശബരിമലയിലെ സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട വിഷയം ഉയർത്തി ദേവസ്വം മന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. സഭ ആരംഭിച്ച് ചോദ്യോത്തര വേളയിലേക്ക് കടന്ന ഉടനെതന്നെ പ്രതിപക്ഷം നിസ്സഹകരണം പ്രഖ്യാപിക്കുകയായിരുന്നു. ബാനറും പ്ലക്കാർഡും ഉയർത്തി പ്രതിപക്ഷം നടുത്തളത്തിലിറങ്ങി.

പ്രതിപക്ഷ നേതാവിന്റെ അസാന്നിധ്യത്തിൽ കെ. ബാബു എംഎൽഎയാണ് വിഷയം അവതരിപ്പിച്ചത്. ശബരിമല വിഷയത്തിൽ കഴിഞ്ഞ ദിവസം പറഞ്ഞ അതേകാര്യങ്ങൾ ഇന്നും അദ്ദേഹം സഭയിൽ ആവർത്തിച്ചു. തന്ത്രിയുടെ അറസ്റ്റുമായി ബന്ധപ്പെട്ട വിഷയമാണ് കെ. ബാബു സഭയിൽ ഉന്നയിച്ചത്. സഭയിൽ നിസ്സഹകരണം തുടരുമെന്നും കെ. ബാബു പറഞ്ഞു.

പ്രതിപക്ഷത്തിനു മറുപടിയുമായി പി. രാജീവും എം. ബി. രാജേഷും വി. ശിവൻകുട്ടിയും രംഗത്തെത്തി. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കഴിവുകെട്ട, നിരുത്തരവാദപരമായി പെരുമാറുന്ന നശീകരണാത്മകമായ പ്രതിപക്ഷമാണ് നിയമസഭയിലുള്ളതെന്നും അതുകൊണ്ടാണ് ഭരണപക്ഷത്തിനെതിരേ ഒരു അവിശ്വാസപ്രമേയം പോലും കൊണ്ടുവരാനാകാത്തതെന്നും മന്ത്രി പി. രാജീവ് പറഞ്ഞു. എങ്ങനെയെങ്കിലും സഭ തീർന്നുകിട്ടിയാൽ മതി, ഇവിടെ നിന്ന് രക്ഷപ്പെട്ടാൽ മതി എന്ന മാനസികാവസ്ഥയിലാണ് പ്രതിപക്ഷമെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

## തന്നെ വീട്ടിലിരുത്താമെന്ന് ആരും മനപ്പായസം ഉണ്ണേണ്ട; യുഡിഎഫിനോട് അടുക്കുമെന്ന സൂചന നൽകി പി.കെ.ശശി

തിരഞ്ഞെടുപ്പിൽ യുഡിഎഫ് ക്യാംപുമായി സഹകരിക്കുമെന്ന സൂചന നൽകി, കെടിഡിസി ചെയർമാൻസ്ഥാനം രാജിവച്ച പി.കെ.ശശി. സിപിഎമ്മിലെ ചില സംസ്ഥാന നേതാക്കളിൽ നിന്ന് വേദനിപ്പിക്കുന്ന അനുഭവം ഉണ്ടായി. രാഷ്ട്രീയത്തിൽ സ്ഥിരമായ ശത്രുക്കൾ ഇല്ലെന്നും സ്ഥിരമായ താത്പര്യങ്ങൾ മാത്രമേ ഉള്ളുവെന്നും പി.കെ.ശശി മനോരമ ന്യൂസിനോട് പറഞ്ഞു. പാലക്കാട്ടെ വിമത കൂട്ടായ്മയിലേക്ക് ഇതുവരെ വിളിച്ചിട്ടില്ല. തന്നെ വീട്ടിലിരുത്താൻ മനപ്പായസമുണ്ണുന്നവർ നിരാശരാവുമെന്നും പി.കെ.ശശി പ്രതികരിച്ചു.

രണ്ടു വർഷമായി പാർട്ടി നേതൃത്വവുമായി ഇടഞ്ഞു നിൽക്കുന്ന മുതിർന്ന സിപിഎം നേതാവ് പി.കെ.ശശി കെടിഡിസി ചെയർമാൻ സ്ഥാനം കഴിഞ്ഞയാഴ്ചയാണ് രാജിവച്ചത്. ശശി യുഡിഎഫിന്റെ സ്വതന്ത്ര സ്ഥാനാർഥിയാകുമെന്ന ശക്തമായ അഭ്യൂഹത്തിനിടെയാണ് രാജി. പദവി ഒഴിയുന്നതു പാർട്ടിയുമായി ബന്ധപ്പെട്ട പ്രശ്നത്തിലല്ലെന്നും ആരുടെയും നിർദേശമില്ലെന്നും സ്വമനസ്സാലെയാണെന്നും അദ്ദേഹം പറഞ്ഞു. "ചെയർമാൻ സ്ഥാനം രാജിവച്ചു വീട്ടിലിരിക്കില്ല, പൊതുരംഗത്തുണ്ടാകും. സിപിഎം അംഗത്വം രാജിവച്ചിട്ടില്ല. ട്രേഡ് യൂണിയനിലുമുണ്ട്. നാളത്തെക്കാര്യം ഇപ്പോൾ പറയാനാകില്ല." പിണറായി വിജയൻ പിതൃതുല്യനാണെന്നും ശശി പറഞ്ഞിരുന്നു.

നേതൃത്വത്തോട്, പ്രത്യേകിച്ചു ജില്ലാ സെക്രട്ടറിയോടുള്ള കടുത്ത ഭിന്നതയാണു രാജിക്കു കാരണമെന്നാണു വിവരം. സിപിഎം നേതാക്കളും മന്ത്രിമാരും കഴിഞ്ഞ ദിവസങ്ങളിൽ ആശയവിനിമയം നടത്തിയിരുന്നു. ശശി ഉന്നയിക്കുന്ന വിഷയങ്ങൾ നടപ്പാക്കുമെന്നു നേതൃത്വം സന്ദേശം നൽകിയെങ്കിലും, 2 വർഷം മുൻപു തരംതാഴ്ത്തിയ ശേഷം തിരിച്ചെടുക്കാൻ നടപടിയില്ലാതെ, തിരഞ്ഞെടുപ്പ് അടുത്തപ്പോൾ നൽകുന്ന ഉറപ്പ് അംഗീകരിക്കേണ്ടെന്നാണു ശശിയെ പിന്തുണയ്ക്കുന്നവരുടെ നിലപാട്.

അഴിമതിയും ജില്ലാ സെക്രട്ടറിക്കെതിരെയുള്ള നീക്കവും ആരോപിച്ച് 2024 ഓഗസ്റ്റിലാണു പി.കെ.ശശിയെ ജില്ലാ കമ്മിറ്റിയിൽ നിന്നു ബ്രാഞ്ചിലേക്കു തരംതാഴ്ത്തിയത്. ശശിയെ കെടിഡിസി ചെയർമാൻ സ്ഥാനത്തു നിന്നു മാറ്റാൻ ജില്ലാ നേതൃത്വം സംസ്ഥാന സെക്രട്ടറി മുഖേന മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടെങ്കിലും ഫലമുണ്ടായില്ല. പിന്നീടു പ്രശ്നം രൂക്ഷമായപ്പോൾ മുഖ്യമന്ത്രിയെ രാജി സന്നദ്ധത അറിയിച്ചെങ്കിലും തുടരാനായിരുന്നു നിർദേശം.

## മീററ്റിൽ വീടിന് തീപിടിച്ചു: ഒരു കുടുംബത്തിലെ അഞ്ച് കുട്ടികളടക്കം ആറ് പേർ മരിച്ചു

മീററ്റ്: ഉത്തർപ്രദേശിലെ മീററ്റിൽ ഉണ്ടായ തീപിടുത്തത്തിൽ ഒരു കുടുംബത്തിലെ അഞ്ച് കുട്ടികളും ഒരു സ്ത്രീയും ഉൾപ്പെടെ ആറ് പേർ മരിച്ചു. വീടിനുള്ളിൽ കുടുങ്ങിപ്പോയ ഇവർക്ക് ഗുരുതരമായി പൊള്ളലേറ്റിരുന്നു. ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് ആറുപേരും മരണത്തിന് കീഴടങ്ങിയത്. ഇക്ബാൽ എന്ന വ്യക്തിയുടെ വീടിനാണ് തീപിടിച്ചത്. വീടിന്റെ താഴത്തെ നില വസ്ത്രങ്ങൾ സൂക്ഷിക്കുന്ന ഗോഡൗണായാണ് ഉപയോഗിച്ചിരുന്നത്. മുകളിലത്തെ നിലയിലായിരുന്നു കുടുംബം താമസിച്ചിരുന്നത്.

വൈകുന്നേരത്തെ നമസ്കാരത്തിനായി ഇക്ബാലും സഹോദരനും പുറത്തുപോയ സമയത്താണ് അപകടം നടന്നത്. ഈ സമയം രണ്ട് സ്ത്രീകളും അഞ്ച് കുട്ടികളും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. മുകളിലത്തെ നിലയിൽ കുട്ടികൾ കളിച്ചുകൊണ്ടിരിക്കെയാണ് തീ പടർന്നത്. പുറത്തേക്കുള്ള വഴിയിൽ തീയും പുകയും നിറഞ്ഞതോടെ ഇവർക്ക് രക്ഷപ്പെടാൻ കഴിഞ്ഞില്ല. മരിച്ച അഞ്ച് കുട്ടികളും 5 വയസ്സിനും 12 വയസ്സിനും ഇടയിൽ പ്രായമുള്ളവരാണ്. വീടിനുള്ളിൽ നിന്ന് പുകയും തീയും ഉയരുന്നത് കണ്ട അയൽവാസികളാണ് പൊലീസിനെയും ഫയർഫോഴ്സിനെയും വിവരമറിയിച്ചത്. വളരെ ഇടുങ്ങിയ വഴികളായതിനാൽ ഫയർ എഞ്ചിനുകൾക്ക് സംഭവസ്ഥലത്തെത്താൻ കാലതാമസം നേരിട്ടു. ഇത് രക്ഷാപ്രവർത്തനത്തെ സാരമായി ബാധിച്ചു.

വീടിനുള്ളിൽ കുടുങ്ങിയ ഏഴുപേരെയും വളരെ പ്രയാസപ്പെട്ടാണ് പുറത്തെത്തിച്ചത്. വലിയ ഫയർ ടെൻഡറുകൾക്ക് വീടിനടുത്തേക്ക് എത്താൻ സാധിച്ചില്ല. ദൂരെയുള്ള റോഡിൽ ഫയർ എഞ്ചിൻ നിർത്തി പൈപ്പുകൾ വലിച്ചുകെട്ടിയാണ് വെള്ളം എത്തിച്ചത്. സുരക്ഷക്കായി ജനലുകളിൽ സ്ഥാപിച്ചിരുന്ന ഇരുമ്പ് ഗ്രില്ലുകൾ കാരണം ആളുകൾക്ക് പുറത്തേക്ക് ചാടാനോ നാട്ടുകാർക്ക് ഉള്ളിലേക്ക് കടക്കാനോ സാധിച്ചില്ല. പിന്നീട് ഗ്രില്ലുകൾ അറുത്തുമാറ്റിയാണ് ഇവരെ പുറത്തെടുത്തത്.

ഉടൻ തന്നെ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അഞ്ച് കുട്ടികളുടെയും ഒരു സ്ത്രീയുടെയും ജീവൻ രക്ഷിക്കാനായില്ല. പരിക്കേറ്റ മറ്റൊരാൾ മീററ്റ് മെഡിക്കൽ കോളജിൽ ചികിത്സയിലാണ്.

തീപിടുത്തത്തിന്റെ കൃത്യമായ കാരണം ഇതുവരെ കണ്ടെത്താനായിട്ടില്ല. ഷോർട്ട് സർക്യൂട്ടാണോ അതോ ഗോഡൗണിലെ തുണികൾക്ക് തീ പിടിച്ചതാണോ അപകടകാരണമെന്ന് പൊലീസ് അന്വേഷിച്ചു വരികയാണ്. ഗോഡൗണിൽ തീപിടുത്തം തടയാനുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നില്ലെന്നും റിപ്പോർട്ടുകളുണ്ട്. അനുമതിയില്ലാതെ ജനവാസ മേഖലയിൽ ഗോഡൗൺ പ്രവർത്തിപ്പിച്ചതിന് ഉടമയ്ക്കെതിരെ അന്വേഷണം നടക്കുന്നുണ്ട്.

## ഒറ്റദിവസം കൊണ്ട് റദ്ദാക്കിയത് 5,600 വിമാനസർവീസുകൾ

വാഷിംഗ്ടൺ: കനത്ത മഞ്ഞുവീഴ്ചയെ തുടർന്ന് അമേരിക്കൻ ജനതയ്ക്ക് കർശന നിർദ്ദേശം പുറപ്പെടുവിച്ച് ഭരണകൂടം. മേരിലാൻഡ് മുതൽ മേയ്ൻ വരെയുള്ള വടക്കുകിഴക്കൻ ഭാഗങ്ങളിൽ കനത്ത മഞ്ഞുവീഴ്ചയെ തുടർന്ന് സ്കൂളുകളും ബിസിനസ് സ്ഥാപനങ്ങളും അടച്ചുപൂട്ടാനും ജനങ്ങളോട് വീട്ടിൽ തന്നെ തുടരാനും നിർദ്ദേശം നൽകിയിരിക്കുകയാണ്. കഴിഞ്ഞ കുറേ കാലങ്ങൾക്കിടയിൽ അമേരിക്കയിൽ ഇതുവരെ സംഭവിച്ചിട്ടുള്ള ഏറ്റവും വലിയ മഞ്ഞുവീഴ്ചയാണിതെന്ന് കാലാവസ്ഥാ നിരീക്ഷകർ പറയുന്നു.

നഗരങ്ങളിൽ രണ്ടടിയോളം (60 സെന്റീമീറ്റർ) മഞ്ഞാണ് വീണുകൊണ്ടിരിക്കുന്നത്. ഇതോടെ ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിൽ യോഗങ്ങൾ വരെ മാറ്റിവയ്ക്കേണ്ട അവസ്ഥയുണ്ടായി. ഇതിന്റെ തുടർച്ചയായാണ് ന്യൂയോർക്ക് ഉൾപ്പെടെയുള്ള നഗരങ്ങളിലെ സ്കൂളുകളും അടച്ചത്. കനത്ത മഞ്ഞുവീഴ്ചയെ തുടർന്ന് പലയിടങ്ങളിലും വൈദ്യുതി തടസവും നേരിടുന്നുണ്ട്. പലയിടങ്ങളിലും ഈ ആഴ്ച അവസാനത്തോടെ കൂടുതൽ മഞ്ഞുവീഴ്ചയുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നാണ് നാഷണൽ വെതർ സർവീസ് സൂചന നൽകിയത്.

മോശം കാലാവസ്ഥയെ തുടർന്ന് ഇന്നലെമാത്രം അമേരിക്കയിൽ 5,600ൽ അധികം വിമാനസർവീസുകളാണ് നിർത്തിവച്ചത്. ഫ്ളൈറ്റ് ട്രാക്കിംഗ് വെബ്സൈറ്റായ ഫ്ളൈറ്റ് അവെയറിന്റെ റിപ്പോർട്ട് പ്രകാരം ഇന്ന് ഷെഡ്യൂൾ ചെയ്തിരുന്ന 2000ൽ അധികം വിമാന സർവീസുകളും റദ്ദാക്കി. ന്യൂയോർക്ക്. ന്യൂജേഴ്സി, ബോസ്റ്റർ എന്നിവിടങ്ങളിൽ നിന്നുള്ള വിമാനങ്ങളുടെ സർവീസുകളാണ് കൂടുതലും നിർത്തിവച്ചത്. ഏകദേശം 25000 വിമാനങ്ങളും വൈകിയാണ് സർവീസുകൾ നടത്തുന്നത്.

റോഡ് ഐലൻഡിലെ ടിഎഫ് ഗ്രീൻ അന്താരാഷ്ട്ര വിമാനത്താവളം തിങ്കളാഴ്ച എല്ലാ പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തിവയ്ക്കുന്നതായി പ്രഖ്യാപിച്ചു.

## എംഡിഎംഎയുമായി രണ്ട് യുവാക്കൾ പിടിയിൽ

ഇടുക്കി: തൊടുപുഴയിൽ വൻ രസ്നഹരി വേട്ട. 39 ഗ്രാം എംഡിഎംഎയുമായി രണ്ട് യുവാക്കൾ പിടിയിൽ. 10ഗ്രാം കഞ്ചാവും പ്രതികളുടെ കാറിൽ നിന്ന് കണ്ടെത്തി. ഇവർക്കൊപ്പം ഉണ്ടായിരുന്ന രണ്ട് പെൺകുട്ടികളെ തെളിവുകൾ ഇല്ലാത്തതിനാൽ എക്സൈസ് വിട്ടയച്ചു.

തൊടുപുഴ നെയ്യശ്ശേരി സ്വദേശി ഹാരിസ്, മൈലകൊമ്പ് സ്വദേശി തോംസൺ ജോയ് എന്നിവരാണ് തൊടുപുഴ എക്സൈസിന്റെ പിടിയിലായത്. ഒളമറ്റം അറക്കപ്പറ ഭാഗത്ത് ലോഡ്ജിൽ നടത്തിയ പരിശോധനയിലാണ് 39 ഗ്രാം എംഡി എം എ കണ്ടെടുത്തത്. പ്രതികളുടെ കാറിൽ സൂക്ഷിച്ചിരുന്ന 10 ഗ്രാം കഞ്ചാവും പിടിച്ചെടുത്തു. പ്രതികൾക്ക് ഒപ്പം രണ്ട് പെൺകുട്ടികളുമുണ്ടായിരുന്നു. ഇവരെ കസ്റ്റഡിയിലെടുത്തെങ്കിലും തെളിവുകളുടെ അഭാവത്തിൽ വിട്ടയച്ചു. പ്രതികളെ ലഹരി കേസിൽ നേരത്തെ കോടതി ശിക്ഷിച്ചിരുന്നു

പ്രതികൾക്കൊപ്പം മുറിക്കുള്ളിൽ ഉണ്ടായിരുന്ന പെൺകുട്ടികളെ വിട്ടയച്ചതിൽ എക്സൈസിനെതിരെ ആക്ഷേപം ഉയരുന്നുണ്ട്. അറസ്റ്റ് രേഖപ്പെടുത്തിയ ഹാരിസിനെയും തോംസണിനെയും വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കി. തുടർന്ന് കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു. എംഡിഎംഎ എവിടെ നിന്ന് എത്തിച്ചു എന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വിശദമായ അന്വേഷണം നടത്തുമെന്ന് എക്സൈസ് അറിയിച്ചു.

# വാടാനപ്പള്ളി വെൽഫെയർ അബുദാബി (വേവ്) ഇഫ്താർ സംഗമം ഐക്യത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശമായി

അബുദാബി: വാടാനപ്പള്ളി വെൽഫെയർ അബുദാബി (വേവ്) സംഘടിപ്പിച്ച ഇഫ്താർ സംഗമം അബുദാബിയിലെ ഇന്ത്യൻ സോഷ്യൽ കൾച്ചറൽ സെൻറർ (ഐ.സി.സി.) യിൽ വെച്ച് ഭംഗിയായി നടന്നു. വാടാനപ്പള്ളിയിൽ നിന്നുള്ള 200-ൽ അധികം പേർ പങ്കെടുത്ത ചടങ്ങ് ഐക്യത്തിന്റെയും സഹോദര്യത്തിന്റെയും കാരുണ്യത്തിന്റെയും ഉജ്ജ്വല പ്രതീകമായി മാറി. കുടുംബങ്ങളെയും കുട്ടികളെയും ഉൾപ്പെടുത്തിയുള്ള ഈ സംഗമം സാമൂഹിക ഐക്യത്തിന് കൂടുതൽ ശക്തി പകർന്നു.

വാടാനപ്പള്ളിയിലെ നിർദ്ധനരായവരുടെ ഉന്നമനത്തിനായി കൂട്ടായ്മയുടെ പ്രാധാന്യം എടുത്തുകാട്ടുന്നതായിരുന്നു പരിപാടി. 45 വർഷങ്ങൾക്ക് മുമ്പ് പരേതനായ എം.എം. ദാവൂദ് ഹാജിയും സുഹൃത്തുക്കളും ചേർന്ന് ആരംഭിച്ച വേവ്, ഇന്നത് അൽ നൂർ ചാരിറ്റബിൾ ട്രസ്റ്റുമായി ലയിച്ച് യു.എ.ഇയിലെ പ്രതിനിധി സംഘടനയായി പ്രവർത്തിച്ചുവരികയാണ്. ഈ ലയനം കൂടുതൽ വിപുലമായ കാരുണ്യ പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

റമദാനിലെ ആത്മീയാന്തരീക്ഷത്തിൽ നടന്ന ഇഫ്താർ സംഗമം നോമ്പുതുറയുടെ സന്തോഷം പങ്കിടുന്നതിനൊപ്പം, സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ കൈപിടിച്ച് ഉയർത്തേണ്ട ഉത്തരവാദിത്വം ഓർമ്മിപ്പിച്ചു.

ജാതി-മത ഭേദമന്യേ വാടാനപ്പള്ളി പ്രദേശവാസികളുടെ സമഗ്ര ക്ഷേമത്തിനായി വേവിന്റെ നേതൃത്വത്തിൽ നിരവധി കാരുണ്യ പ്രവർത്തനങ്ങൾ ഇതിനകം തന്നെ വിജയകരമായി നടപ്പിലാക്കി വരുന്നു. പാർപ്പിട സൗകര്യമില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മാണ സഹായം, നിർധനരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, വിധവകൾക്ക് സാമ്പത്തിക പിന്തുണ, ചികിത്സാ സഹായം എന്നിവ ഉൾപ്പെടെ വിവിധ മേഖലകളിൽ വേവ് കൈത്താങ്ങായി നിൽക്കുന്നു. സമൂഹത്തിലെ ഏറ്റവും പിന്നാക്ക വിഭാഗങ്ങൾക്കും പ്രതീക്ഷയുടെ വെളിച്ചമായി മാറുകയാണ് ഈ സംഘടന.

വാടാനപ്പള്ളി സമൂഹത്തിന്റെ ക്ഷേമത്തിനായി ഒരുമിച്ച് പ്രവർത്തിക്കാനുള്ള പ്രതിജ്ഞ പുതുക്കിയോടെയാണ് പരിപാടി സമാപിച്ചത്. ഇത്തരത്തിലുള്ള കൂട്ടായ്മകൾ സമൂഹത്തിൽ സ്നേഹവും ഐക്യവും വളർത്തുന്നതിനും സേവന പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നതിനും സഹായകരമാണെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

പരിപാടിയിൽ പങ്കെടുത്തവർക്ക് വേവ് ഭാരവാഹികൾ നന്ദി രേഖപ്പെടുത്തി. വരും വർഷങ്ങളിലും ഇത്തരത്തിലുള്ള കൂട്ടായ്മകൾ സംഘടിപ്പിക്കുമെന്നും വാടാനപ്പള്ളി സമൂഹത്തിന്റെ ക്ഷേമത്തിനായി തുടർച്ചയായ സേവന പ്രവർത്തനങ്ങൾ നടത്തുമെന്നും എം.ഡി. നൗഷാദ്, അജ്മൽ റഹ്മത്തുള്ളാ, റസാഖ് വാടാനപ്പള്ളി, അമീൻ എം.എ എന്നിവർ അറിയിച്ചു.

## സംസ്ഥാനത്ത് നാലുദിവസം കൂടി ഇടിമിന്നലോട് കൂടി മഴ

തൃശ്ശൂർ: കേരളത്തിൽ വെള്ളിയാഴ്ചവരെ ഇടിമിന്നലോട് കൂടിയ നേരിയ ഇടത്തരം മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനു മുകളിലായി സ്ഥിതിചെയ്യുന്ന ന്യൂനമർദ്ദമാണ് മഴയ്ക്ക് കാരണം. ബംഗാൾ ഉൾക്കടലിന് മുകളിൽ സ്ഥിതി ചെയ്യുന്ന ന്യൂനമർദ്ദം വടക്ക്-കിഴക്ക് ദിശയിൽ സഞ്ചരിച്ച് അടുത്ത 24 മണിക്കൂറിനുള്ളിൽ ക്രമേണ ദുർബലമാകാൻ സാധ്യതയുണ്ട്. തെക്കൻ കേരള തീരത്തിന് സമീപം തെക്കുകിഴക്കൻ അറബിക്കടലിനു മുകളിലായി ചക്രവാതച്ചുഴി സ്ഥിതിചെയ്യുന്നുണ്ട്. ഇതിന്റെയെല്ലാം സ്വാധീനഫലമായാണ് സംസ്ഥാനത്ത് മഴ ലഭിക്കുന്നതെന്നും മുന്നറിയിപ്പിൽ പറയുന്നു.

# കേരള സ്കൂൾ കലോത്സവം ടോംയാസ് പുരസ്കാരം സമ്മാനിച്ചു

തൃശ്ശൂർ: കേരള സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ചിത്രരചനയിൽ തിരഞ്ഞെടുക്കപ്പെട്ട 3 പേർക്ക് ടോംയാസ് പുരസ്കാരം സമ്മാനിച്ചു. ഇരുപത്തയ്യായിരം രൂപ വീതവും, രൂപ ശില്പവുമാണ് പുരസ്കാരം.

പെൻസിൽ ഡ്രോയിംഗിൽ ഭൂപതി രാജ് ( സെന്റ് ആൻസ് എച്ച്.എസ്.എസ്., കുര്യനാട്, കോട്ടയം), വാട്ടർ കളറിൽ ഷാർവണി ജെ.എസ്. (ജി.ജി.എച്ച്.എസ്.എസ്., മടപ്പള്ളി, കോഴിക്കോട്), ഓയിൽ കളറിൽ നിരഞ്ജൻ കൃഷ്ണ (എൻ.എസ്.എസ്.എച്ച്. എസ്., വള്ളിക്കോട്, കോട്ടയം) എന്നിവർക്കാണ് പുരസ്കാരം സമ്മാനിച്ചത്. ആർട്ട് & ക്രാഫ്റ്റ് സ്ഥാപനമായ ചാവക്കാട് 'ആർട്ട് സ്പേസിൽ' നടന്ന ചടങ്ങിൽ ചാവക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ എ.എച്ച് അക്ബർ അവാർഡുകൾ സമ്മാനിച്ചു.

ടോംയാസ് അഡ്വർടൈസിംഗ് മാനേജിംഗ് ഡയറക്ടർ തോമസ് പാവറട്ടി, മേജർ പി.ജെ. സ്റ്റൈജു, കെ.വി. രവീന്ദ്രൻ, ഗുരുവായൂർ മുനിസിപ്പൽ കൗൺസിലർ നൗഷാദ് അഹമ്മു, റിട്ട. ഗവ. അഡീഷണൽ സെക്രട്ടറി ഷെല്ലിപോൾ, തൃശ്ശൂർ ഗവ.ഫൈൻ ആർട്സ് കോളേജ് പ്രൊഫ. വിനോദ് കണ്ണേരി, ടോംയാസ് ആർട്ട് ഡയറക്ടർ സുധീഷ് കെ.എസ്. എന്നിവർ സംസാരിച്ചു.

# സർവെ വകുപ്പിൽ വൻ അഴിമതി: അടിയന്തിര അന്വേഷണത്തിന് ഉത്തരവ്

തൃശൂർ: ശമ്പളവർദ്ധനവ് ഉൾപ്പെടെ ആ വശ്യങ്ങൾ ഉന്നയിച്ച് സ്വകാര്യ ആശുപത്രിനഴ്സുമാർ 21 ന് സൂചന പണിമുടക്ക് നടത്തും. യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ ദേശീയ പ്രസിഡന്റ് ജാസ്മിൻ ഷായും, സംസ്ഥാന പ്രസിഡന്റ് ഷോബി ജോസഫും വാർത്താ സമ്മേളനത്തിലാണിക്കാര്യം അറിയിച്ചത്. കേരളത്തിൽ യു എൻ.എ. അംഗത്വമുള്ള 476 ആസ്പത്രികളിലെ നഴ്സുമാർ ഡ്യൂട്ടിയൂീലീവും ക്രമീകരിച്ച് പണിമുടക്കും. അന്ന് കാലത്ത് നഗരത്തിൽ നഴ്സുമാരുടെ പ്രകടനം നടക്കും. തുടർന്ന് ശക്തൻ സ്റ്റാന്റ് പരിസരത്ത് റോജി റോയ് നഗറിൽ അവകാശ പ്രഖ്യാപന സമ്മേളനം ചേരും.

ശമ്പളവർദ്ധനവ് പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് ഇറക്കാത്തതിനാലാണ് പല സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളും വർദ്ധനവ് നടപ്പാക്കാത്തതെന്നു ദേശീയ പ്രസിഡണ്ട് ജാസ്മിൻ ഷാ പറഞ്ഞു. പണിമുടക്കിനെ തുടർന്ന് പ്രശ്നപരിഹാരം ഉണ്ടായില്ലെങ്കിൽ ലോങ് മാർച്ച് ഉൾപ്പെടെ ശക്തമായ സമരം നടത്തുമെന്നും ദേശീയ പ്രസിഡന്റ് അറിയിച്ചു.

നഴ്സ്മാരെ മാലാഖമാരാക്കി പ്രഖ്യാപിച്ച് സർക്കാരും ആസ്പത്രി മാനേജ്മെന്റും ചൂഷണം ചെയ്യുകയാണ് 2018 ലാണ് അവ വാസാനമായി ശമ്പളവർദ്ധനവ് പ്രഖ്യാപിച്ചത്. അതു തന്നെ പല തരത്തിലാണ് ലഭ്യമാക്കിയത്. മൂന്നു വർഷത്തിലൊരിക്കൽ വർദ്ധനവ് നടപ്പാക്കണമെന്ന നിയമം കാറ്റിൽ പറത്തി. മാനേജ്മെന്റിന്റെ താല്പര്യത്തിന് വഴങ്ങുകയാണ് സർക്കാരെന്നും അസോസിയേഷൻ നേതാക്കൾ കുറ്റപ്പെടുത്തുന്നു. തുല്യ ജോലിക്ക് തുല്യ വേതനമെന്നത് അംഗീകരിക്കാതായി. സ്വകാര്യ ആസ്പത്രി നഴ്സുമാർക്ക് ഇരുപതിനായിരം രൂപ പോലും അടിസ്ഥാന ശമ്പളം ലഭിക്കുന്നില്ല. നാൽപതിനായിരം രൂപയെങ്കിലും ലഭിക്കേണ്ടതാണ്. 2013 ൽ ഡോ: ബലരാമൻ കമ്മറ്റിയുടെ 50 നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട 32 എണ്ണം നടപ്പാക്കിയിട്ടില്ല. വീരകുമാർ കമ്മറ്റിയുടെ ത്രി ഫിഫ്റ്റ് പല ആസ്പത്രികളിലും നടപ്പാക്കിയിട്ടില്ല.ദിനം പ്രതി അദ്ധ്വാനം വർദ്ധിക്കുകയാണ്. അത് മൂലം രോഗികൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. തകരാറുകൾ ഉണ്ടായാൽ ഡോക്ടർമാർ നഴ്സുമാരെയാണ് കുറ്റപ്പെടുത്തുന്നത്. വൻതുകകളാണ് സ്വകാര്യ ആസ്പത്രികൾ ചികിൽസാ ഫീസായി ഈടാക്കുന്നുണ്ട്. ദേശിയ സെക്രട്ടറി സുധീപ് എം.വി., സംസ്ഥാന സെക്രട്ടറി അജയ്,വിശ്വംഭരൻ,. ദിവ്യ ഇ.എസ് എന്നിവരും പങ്കെടുത്തു.

## പെൻഷൻകാർ വീണ്ടും വഞ്ചിക്കപ്പെട്ടു: കെ എസ് എസ് പി എ

തൃശൂർ: ഇപ്പോൾ പുറപ്പെടുവിച്ച ക്ഷാമബത്ത കുടിശിക അനുവദിക്കുന്ന ഉത്തരവിലും സർക്കാർ പെൻഷൻകാരെ വഞ്ചിച്ചിരിക്കുകയാണെന്ന് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ തൃശ്ശൂർ ജില്ല യോഗം കുറ്റപ്പെടുത്തി.

289 മാസത്തെ കുടിശികയെപ്പറ്റി മൗനം പാലിക്കുന്നു. കേരളത്തിൻറെ ചരിത്രത്തിൽ ഇതുവരെ എല്ലാ സർക്കാരുകളും ഡി.എയും ഡിആറും അനുവദിക്കുമ്പോൾ ഒരേ തീയതി മുതലാണ് അനുവദിക്കാറ്. എങ്കിലും ഈയിടയായി പിണറായി വിജയൻ സർക്കാർ ഒരു മാസം വൈകിയാണ് പെൻഷൻകാർക്ക് ക്ഷാമാശ്വാസം അനുവദിക്കുന്നത്. ഇത് പെൻഷൻ കാരോടുള്ള വിവേചനം ആണെന്ന് യോഗം വിലയിരുത്തി.

2019 ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ട് ഗഡു വർഷം 5 കഴിഞ്ഞിട്ടും പെൻഷൻകാർക്ക് അനുവദിക്കാതിരിക്കുന്നത് കടുത്ത വഞ്ചനയാണ്. ജില്ലാ പ്രസിഡൻറ് എംസി. പോളച്ചൻ അധ്യക്ഷത വഹിച്ചു.

സംസ്ഥാന വൈസ് പ്രസിഡണ്ട് ടി എം കുഞ്ഞു മൊയ്തീൻ യോഗം ഉദ്ഘാടനം ചെയ്തു. സെക്രട്ടേറിയേറ്റ് അംഗം പി.എസ് സുന്ദരൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ, പ്രൊഫ.വി എ. വർഗീസ്, എ. ജി നാരായണൻ, ഡോ. എൻ ഡി ഇനാശു,എം എഫ് ജോയ്, ജില്ലാ സെക്രട്ടറി വി സി ജോൺസൺ, വനിതാ ഫോറം ഭാരവാഹികളായ കൊച്ചുത്രേസ്യ മുരിങ്ങാത്തേരി, എം ജെ മേഴ്സി, ജെസ്സി തരകൻ, എസ് നാദിറ, ട്രഷറർ കെ ഗിരീന്ദ്ര ബാബു, വൈസ് പ്രസിഡൻറ് മാരായ വി ആർ കൃഷ്ണകുമാർ, കെ എ ഫ്രാൻസിസ്,ജയ സുരേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

# പുരോഗമന കലാ സാഹിത്യ സംഘം മേഖലാ കമ്മറ്റി വേണുജിയെ ആദരിച്ചു

ഇരിങ്ങാലക്കുട: കേരള സംഗീത നാടക അക്കാദമിയുടെ ഈ വർഷത്തെ ഫെല്ലോഷിപ്പിനർഹനായ പ്രശസ്ത കൂടിയാട്ടം കലാകാരനും, അഭിനയകലയിലെ ആചാര്യനുമായ വേണുജിയെ പുരോഗമന കലാ സാഹിത്യ സംഘം ഇരിങ്ങാലക്കുട മേഖലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് ആദരിച്ചു.

പുരോഗമനകലാ സാഹിത്യ സംഘത്തിന്റെ മുതിർന്ന പ്രവർത്തകനും ലൈബ്രറി കൗൺസിലിന്റെ മുൻ ജില്ലാ കമ്മറ്റി അംഗവുമായ വി. എൻ. കൃഷ്ണൻ കുട്ടി പൂച്ചെണ്ടു നൽകിയും, കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതി അംഗവും പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന കൗൺസിൽ അംഗവുമായ രേണു രാമനാഥ് പൊന്നാടയണിയിച്ചും, വേണുജിയെ ആദരിച്ചു. പുരോഗമന കലാ സാഹിത്യ സംഘം ഇരിങ്ങാലക്കുട മേഖലാ പ്രസിഡണ്ട് ഖാദർ പട്ടേപ്പാടം അദ്ധ്യക്ഷത വഹിച്ചു.

മേഖലാ സെക്രട്ടറി ഡോ. കെ. രാജേന്ദ്രൻ, വൈസ് പ്രസിഡണ്ടുമാരായ എ. എൻ. രാജൻ, രവീന്ദ്രൻ ടി., ജോയിന്റ് സെക്രട്ടറിമാരായ സുരേഷ് കുമാർ കെ. എൻ., കെ.എച്ച്.ഷെറിൻ അഹമ്മദ്, ജില്ലാ കമ്മറ്റി അംഗം രതി കല്ലട, എ കെ. പി സി ടി എ മുൻ ജില്ലാ സെക്രട്ടറി ഡോ. സോണി ജോൺ, പൂമംഗലം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡണ്ട് പി. ഗോപിനാഥ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

# സമേതം വിമുക്തി നാടകയാത്ര സമാപിച്ചു

അവിട്ടത്തൂർ : ഡോ . കെ.വി. ഗണേഷിന്റെനേതൃത്വത്തിൽ നടത്തുന്ന സമേതം ലഹരി വിമുക്ത നാടകയാത്രയുടെ സമാപനം എൽ.ബി.എസ്.എം. ഹയർ സെക്കണ്ടറി സ്ക്കൂൾ ഹാളിൽ നടന്നു.

കുട്ടികളെക്കൂടി അഭിനേതാക്കളാക്കി നാടകം അവതരിപ്പിച്ചു. സമാപന സമ്മേളനത്തിൽ പി.ടി.എ. പ്രസിഡന്റ് ജോസഫ് അക്കരക്കാരൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ജോസ് ജെ . ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് മെമ്പർമാരായ ബിന്ദു സതീശൻ, സി.എസ്. ഓമനക്കുട്ടൻ, മാനേജർ എ. അജി ത്ത് കുമാർ , മാനേജ് മെന്റ് കമ്മറ്റി അംഗങ്ങളായ എ.സി. സുരേഷ് , കെ.കെ. കൃഷ്ണൻ നമ്പൂതിരി, പ്രിൻസിപ്പൽ ഡോ എ.വി. രാജേഷ്, ഹെഡ് മാസ്റ്റർ മെജോ പോൾ, കരിയർ ഗൈഡ് കോ-ഓർഡിനേറ്റർ ഡി.ഹസിത, സൗഹൃദ കോഡിനേറ്റർ വി.വി. ശ്രീല എന്നിവർ പ്രസംഗിച്ചു. സൗഹൃദ പവർ ബ്രിഗേഡിന്റെ ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മിച്ച കുട്ടികൾക്ക് ഉപഹാരം നൽകി ആദരിച്ചു.

# സാഹിത്യ സാംസ്കാരിക നായകർക്ക് നിലപാടുണ്ടാകണം: സാംസ്കാരിക അക്കാദമി

സംവാദത്തിൽ അഡ്വ: എ.ഡി.ബെന്നി വിഷയാവതരണം നടത്തുന്നു.

തൃശൂർ : സാഹിത്യ സാംസ്കാരിക നായകർ ഭരണകൂടത്തിന്റെ ശരി തെറ്റുകൾ പരസ്യ വിചാരണ ചെയ്യുന്നത്, സാംസ്കാരികാപചയമാണെന്ന തൃശൂർ സാംസ്കാരിക അക്കാദമി സംവാദം ചൂണ്ടിക്കാട്ടി. സാഹിത്യ സാംസ്കാരിക നായകരും ഭരണകൂടവും - എന്നതായിരുന്നു വിഷയം.

സച്ചിദാനന്ദൻസാഹിത്യ അക്കാദമി പ്രസിഡണ്ട് സ്ഥാനം ഉപേക്ഷിച്ച് സർക്കാർ ഭരണത്തെ കുറിച്ച് അഭിപ്രായം പറയേണ്ടതായിരുന്നു മറിച്ചുണ്ടായ പ്രതികരണം തെറ്റായ പല സന്ദേശ ങ്ങൾ ഉയർത്തുന്ന സ്ഥിതിയാണെന്നുംസംവാദം ചൂണ്ടികാട്ടി.

നാഷണൽ ബുക്ക് സ്റ്റാളിൽ നടന്ന സംവാദത്തിൽ അഡ്വ: എ.ഡി.ബെന്നി മോഡറേറ്ററായി. രാജൻ എലവത്തൂർ, കെ.ജി.ജയപ്രകാശ്,ഡേവിസ് കണ്ണമ്പുഴ , പ്രഫ: വി.പി.ജോൺസ്, പി. ഉദയകുമാർ, എം.എം.എ.റസാക്, ശിവ ദാസ് പാലിശ്ശേരി, കാവ്യ, സംസാരിച്ചു.

സാംബവ മഹാ സഭ ചാലക്കുടിപടിഞ്ഞാറെ നായരങ്ങാടി ശാഖയുടെ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തി സമ്മേളനം പ്രമുഖ കലാകാരനും മഹാസഭയുടെ ഉപാദ്ധ്യക്ഷനുമായ പി.എം സുരേഷ് ഉത്ഘാടനം ചെയ്യുന്നു.

# ലക്ഷ്മികുമാരി നവതി ആഘോഷം

തൃശൂർ: കൊടുങ്ങലൂർ വിവേകാനന്ദ വേദിക് വിഷൻ ഫൗണ്ടേഷൻ ആയുഷ്ക്കാല അധ്യക്ഷ ഡോ. ലക്ഷ്മി കുമാരി അമ്മയുടെ നവതി ആഘോഷിക്കുന്നു. അതിന്റെ ഭാഗമായി ആഘോഷകമ്മറ്റി ഏർപ്പെടുത്തിയ പുരസ്കാരത്തിന് തൃശൂരിലെ ഡോ. ഭാനുമതിയെ തിരഞ്ഞെടുത്തതായി ഭാരവാഹികൾ വാർത്താസമ്മേളനത്തിലറിയിച്ചു. 25000 രൂപ അടങ്ങുന്നതാണ് പുരസ്കാരം. തുടങ്ങിയ ഓട്ടീസം തുടങ്ങിയ വൈകല്യമുള്ള കുട്ടികളെ പരിരക്ഷിക്കും കേന്ദ്രം നടത്തുന്ന വ്യക്തിത്വമാണ് ഭാനുമതി.

21 മുതൽ മാർച്ച് വരെയാണ് നവതി ആഘോഷം. വിവേകാനന്ദ കേന്ദ്രയിലാണ് പരിപാടികൾ. മഹാ മണ്ഡലേശ്വർ ആനന്ദവനം ഭാരതി സ്വാമികൾ, വിമല പ്രാണാ മാതാജി, സ്വാമി ഉദിത് ചൈതന്യ തുടങ്ങിയ മുഖ്യർ പങ്കെടുക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിലറിയിച്ചു. പി.എൻ. ജോഷി ടി.സുധാകർ, കെ.എൻ. അനിൽകുമാർ, തൃശ്ശിവപുരം മോഹനചന്ദ്രൻ പങ്കെടുത്തു. പ്രഭാഷണം, സെമിനാർ, ഭാഗവത പാരായണം തുടങ്ങിയവ പ്രധാന പരിപാടികളാണ്.

തൃശൂർ - കുറ്റിപ്പുറം സംസ്ഥാന പാത കടവല്ലൂർ റീച്ച് ഉൽഘാടനം കുന്നംകുളത്ത് മന്ത്രി മുഹമ്മദ് റിയാസ് നിർവഹിക്കുന്നു.


**കോടതിപരസ്യം**

**ബഹു. തൃശ്ശൂർ മോട്ടോർ ആക്സിഡൻറ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

ഒ പി (എം വി) 1499/2025

കെ എൽ ജോസ് -ഹർജിക്കാരൻ

ഷഹീൻ പി നാസർ, ഉദ്ദേശം 30 വയസ്സ്, S/o അബ്ദുൾ നാസർ, പണിക്കവീട്ടിൽ ഹൗസ്, ചെറുതുരുത്തി, വെട്ടിക്കാട്ടിരി പി.ഒ., 679 531 -1-ാം എതിർകക്ഷി

മേൽനമ്പറിൽ 1-ാം എതിർകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച്, **08-04-2026** തിയതി വിചാരണക്കു വച്ചിരിക്കുന്നു. മേൽനമ്പറിൽ 1-ാം എതിർകക്ഷിക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 1-ാം എതിർകക്ഷിയൊ ടിയാൻ അധികാരപ്പെടുത്തുന്ന അഡ്വക്കേറ്റോഅന്നേദിവസം രാവിലെ 11.00 മണിക്കു ബഹു. കോടതി മുമ്പാകെ ഹാജരായി മറുപടി ബോധിപ്പിക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം 1-ാം എതിർകക്ഷിയെ കൂടാതെ മേൽനമ്പർ വ്യവഹാരം വിചാരണ ചെയ്യുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന് 11-02-2026

ഹർജിഭാഗം അഡ്വക്കെറ്റ്

**ബിജു ജോസഫ് ഇടക്കളത്തൂർ** (ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ചിട്ടി ആർബിട്രേറ്റർ/ ചിട്ടി രജിസ്ട്രാർ മുമ്പാകെ**

ഹർജി നമ്പർ 251/2025

ചേരമാൻ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-ഹർജിക്കാർ

1. കൊടുങ്ങല്ലൂർ താലൂക്ക്, അഴീക്കോട് വില്ലേജ്, ടി ദേശത്ത്, പഴുപ്പറമ്പിൽ താജുദ്ദീൻ ഭാര്യ ഫാത്തിമ.
2. കൊടുങ്ങല്ലൂർ താലൂക്ക്, ശ്രീനാരായണപുരം വില്ലേജ്. പൊരിബസാർ ദേശത്ത്, പിച്ചത്തറ സെയ്ദുമുഹമ്മദ് മകൻ നാസർ.
3. കൊടുങ്ങല്ലൂർ താലൂക്ക്, അഴിക്കോട് വില്ലേജ്, ടി ദേശത്ത്, പഴുപ്പറമ്പിൽ മുഹമ്മദ് മകൻ അബു.
4. കൊടുങ്ങല്ലൂർ താലൂക്ക്, അഴിക്കോട് വില്ലേജ്, ടി ദേശത്ത്, പഴുപ്പറമ്പിൽ അബു മകൻ താജുദ്ദീൻ.
5. കൊടുങ്ങല്ലൂർ താലൂക്ക്. ശ്രീനാരായണപുരം വില്ലേജ്, ആല കോതപറമ്പ് ദേശത്ത്, വൈപ്പിക്കാട്ടിൽ ഉദുമാൻ മകൾ റുക്കിയ

-എതൃകക്ഷികൾ

കുറിക്കരാർ പ്രകാരം വരേണ്ട സംഖ്യയ്ക്കും മറ്റുമാണ് ഈ ഹർജി ബോധിപ്പിച്ചിട്ടുള്ളത്. മേൽനമ്പർ ഹർജി **10.03.2026** തീയ്യതി വിചാരണക്ക് വച്ചിരിക്കുന്നു. ടി തിയ്യതി പകൽ 11 മണിക്ക് ബഹു. ചിട്ടി ആർബിട്രേറ്റർ, തൃശ്ശൂർ മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കാത്തപക്ഷം എതൃകക്ഷികളെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകുമെന്ന് അറിയിക്കുന്നു.

എന്ന്, 21-02-2026

ഹർജിഭാഗം അഡ്വക്കെറ്റ്

**എം ജി സതീഷ്പ്രഭു** (ഒപ്പ്)

**കോടതി പരസ്യം**

**ബഹു. ഇരിങ്ങാലക്കുട സബ് കോടതി മുമ്പാകെ**

**AS: 8/2021**

പ്രേംരാജ്

-അപ്പീൽവാദി

പത്മാവതി അമ്മ മുതൽ പേർ

-എതൃകക്ഷികൾ

മേൽ നമ്പർ കേസ്സിൽ 8-ാം അപ്പിൽ പ്രതി തൃശ്ശൂർ താലൂക്ക്, കിഴക്കുമ്പാട്ടുകര ദേശം പെരിങ്ങാവ് വില്ലേജ്, സാന്ദ്രം, ജൂബിലി മിഷൻ, പി. ഒ-680005, D/o പി. ചന്ദ്രശേഖരൻ (50) സീമ ചന്ദ്രശേഖരൻ എന്ന അപ്പിൽ പ്രതിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപിച്ച് കേസ്സ് **09-03-2026** തിയ്യതിയിലേക്ക് വിചാരണക്ക് വച്ചിരിക്കുന്നതും ടി കേസ്സ് കാര്യത്തിൽ തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി കേസ്സ് തീർപ്പു കൽപ്പിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന് 27-01-2026

അപ്പീൽ വാദി ഭാഗം

അഡ്വക്കെറ്റ്

**പ്രമോദ് പി** (ഒപ്പ്)

**കോടതി പരസ്യം**

**കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

EP: 872/2025

O.S. 1350/2013

ശ്രീ ശാരദ സമാജം

-വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് ചെന്ത്രാപ്പിന്നി വില്ലേജ്, ദേശത്ത്, ചക്കാമാട്ടിൽ ജയപ്രകാശ് മകൾ ലക്ഷ്മി സി ജയപ്രകാശ്

2) ടി യിൽ ജയപ്രകാശ് മകൾ അക്ഷയ

-8, 9 വിധി കടക്കാർ

മേൽനമ്പറിൽ 8, 9 വിധി കടക്കാർക്കുള്ള റൂൾ 66 നോട്ടീസ് പതിച്ച് നടത്തുവാൻ കല്പിച്ച് **07-03-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുള്ളപക്ഷം ടി കക്ഷികൾ പകൽ 11.00 മണിയ്ക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ടിയാരെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 04-02-2026

വിധി ഉടമഭാഗം അഡ്വക്കേറ്റ്

**എം വി ജെസ്സി** (ഒപ്പ്)

**കോടതി പരസ്യം**

**കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

EP: 873/2025

O.S. 1718/2014

ശ്രീ ശാരദ സമാജം

-വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് ചെന്ത്രാപ്പിന്നി വില്ലേജ്, ദേശത്ത്, ചക്കാമാട്ടിൽ ജയപ്രകാശ് മകൾ ലക്ഷ്മി സി ജയപ്രകാശ്

2) ടി യിൽ ജയപ്രകാശ് മകൾ അക്ഷയ

-8, 9 വിധി കടക്കാർ

മേൽനമ്പറിൽ 8, 9 വിധി കടക്കാർക്കുള്ള റൂൾ 66 നോട്ടീസ് പതിച്ച് നടത്തുവാൻ കല്പിച്ച് **23-03-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. മേൽ കാര്യത്തിൽ ആക്ഷേപമുള്ളപക്ഷം ടിയാർ അന്നേദിവസം പകൽ 11.00 മണിയ്ക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും

# ഗ്രാമങ്ങളിലെ ചെറിയ സ്വകാര്യ ക്ലിനിക്കുകൾ അടയുന്നു, 10വർഷത്തിനിടെ പൂട്ടിയത് 2160 സ്ഥാപനങ്ങൾ: ഐഎംഎ

കോട്ടയം: ഗ്രാമപ്രദേശങ്ങളിൽ സാധാരണക്കാർക്ക് ആശ്രയമായിരുന്ന ചെറുകിട സ്വകാര്യ ആശുപത്രികൾ വേഗത്തിൽ അപ്രത്യക്ഷമാകുന്നെന്ന് കണക്കുകൾ. ഒ.പി. ക്ലിനിക്കുകളും ചെറിയ ഗ്രാമീണ ആശുപത്രികളുമായി ആകെ 2160 സ്ഥാപനങ്ങൾ പത്തുവർഷത്തിനിടെ പൂട്ടിപ്പോയെന്നാണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കണക്ക്

2017 മുതൽ 2021 വരെ 148 ഒ.പി. ക്ലിനിക്കുകളും 262 കിടത്തിച്ചികിത്സാ ആശുപത്രികളും അടഞ്ഞുപോയി. 2021-25 കാലത്ത് അതിന്റെ നാലിരട്ടിയിലേറെ സ്ഥാപനങ്ങളാണ് നിലച്ചത്. 1306 ഒ.പി. ക്ലിനിക്കുകളും 444 ചെറിയ ആശുപത്രികളും.

അതേസമയം സംസ്ഥാനത്തെ മൊത്തം ആരോഗ്യ രക്ഷാസ്ഥാപനങ്ങൾ 3677-ൽ നിന്ന് 5402 ആയി ഉയർന്നിട്ടുണ്ട്. ആശുപത്രി കിടക്കകൾ 80,267-ൽ നിന്നും 82,557 ആയും വർധിച്ചു. സ്വകാര്യമേഖലയിൽ കിടത്തിച്ചികിത്സ നടത്തുന്ന 1708 സ്ഥാപനങ്ങളുണ്ട്. 300 കിടക്കകൾക്ക് മുകളിലുള്ള വയാണ് ഇവയിൽ 39 എണ്ണം. 312 എണ്ണത്തിൽ 50-നും 300-നും ഇടയ്ക്ക് കിടക്കകളുണ്ട്. 1357 ആശുപത്രികളിൽ 50-ൽ താഴെ കിടക്കകളും. 1018 ആശുപത്രികളിൽ 20-ൽ താഴെ കിടക്കകളാണുള്ളത്.

ചെറിയ ആശുപത്രികളും ഒ.പി.ക്ലിനിക്കുകളുമാണ് ഗ്രാമങ്ങളിൽ കുറഞ്ഞചെലവിൽ സാധാരണക്കാർക്ക് ആധുനിക ചികിത്സ നൽകിവന്നിരുന്നത്. വൻകിട ആശുപത്രികൾ രംഗം കൈയടക്കുമ്പോൾ അവ ഇല്ലാതാകുന്നത് സാധാരണക്കാർക്ക് ചികിത്സാച്ചെലവ്താങ്ങാനാവാത്ത സ്ഥിതിയിലെത്തിക്കുമെന്ന് ഐഎംഎ ചൂണ്ടിക്കാട്ടുന്നു.വൻകിട കോർപ്പറേറ്റുകൾ ലാഭം മാത്രം ലക്ഷ്യമിട്ട് ആരോഗ്യരംഗം കൈയടക്കുകയും പല ആശുപത്രികളും ഏറ്റെടുക്കുകയും ചെയ്യുന്ന പ്രവണത കേരളത്തിലും തുടങ്ങിയെന്ന് മുഖ്യമന്ത്രി കഴിഞ്ഞദിവസം കോട്ടയം മെഡിക്കൽകോളേജിലെ ചടങ്ങിൽ പറഞ്ഞിരുന്നു. രണ്ടര വർഷത്തിനുള്ളിൽ മാത്രം വൻകിട വിദേശ സ്ഥാപനങ്ങളുടെ പിന്തുണയോടെ 6000 കോടി രൂപയിലധികം കേരളത്തിലെ സ്വകാര്യ ആരോഗ്യ രംഗത്ത് നിക്ഷേപിക്കപ്പെട്ടതായാണ് ഈ രംഗത്തുള്ളവർ പറയുന്നത്. ചില പട്ടണങ്ങളിലെ പ്രധാന ആശുപത്രികളടക്കം ഏറ്റെടുക്കപ്പെട്ടു.

എംബിബിഎസിനുശേഷം ഗ്രാമീണമേഖലയിൽ ജനറൽ പ്രാക്ടീസ് നടത്തിയിരുന്ന രീതി ഇല്ലാതായി.

എല്ലാവരും ബിരുദാനന്തര ബിരുദം നേടി വൻകിട കോർപ്പറേറ്റ് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റുകളായി പ്രവർത്തിക്കാൻ പോകുമ്പോൾ ചെറിയ ആശുപത്രികൾ നടത്താനാളില്ലാതാകുന്നു.

## പട്ടയമേള സംസ്ഥാനതല ഉദ്ഘാടനം 26 ന്

തൃശ്ശൂർ: പട്ടയമേള സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 26ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. രാവിലെ 10.30ന് തൃശ്ശൂർ ടൗൺ ഹാളിൽ വെച്ച് നടക്കുന്ന ചടങ്ങിൽ റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു, കേന്ദ്ര പെട്രോളിയം പ്രകൃതി വാതകം, ടൂറിസം വകുപ്പ് സഹമന്ത്രി സുരേഷ് ഗോപി, പി. ബാലചന്ദ്രൻ എം.എൽ.എ, കോപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ തുടങ്ങിയവർ മുഖ്യാതിഥികളായി പങ്കെടുക്കും.

## ടെണ്ടർ ക്ഷണിച്ചു

തൃശ്ശൂർ ഗവ. എഞ്ചിനീയറിങ് കോളേജിലെ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗ് വിഭാഗത്തിൽ വൈ-ഫൈ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. മാർച്ച് 2ന് വൈകിട്ട് 3മണിക്ക് മുമ്പായി സീൽ ചെയ്ത ടെണ്ടറുകൾ പ്രിൻസിപ്പൽ ഗവൺമെന്റ് എൻജിനീയറിങ് കോളേജ് തൃശ്ശൂർ കേരള എന്ന വിലാസത്തിൽ സമർപ്പിക്കണം. ബന്ധപ്പെടുക. ഫോൺ: 0487 2334144.

# ഏഴാമത് ഇരിങ്ങാലക്കുട അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് തിരി തെളിഞ്ഞു

ഇരിങ്ങാലക്കുട : വൈവിധ്യമാർന്ന ചലച്ചിത്ര കാഴ്ചകളുമായി ഏഴാമത് ഇരിങ്ങാലക്കുട അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് തിരി തെളിഞ്ഞു.

മാസ് മൂവീസിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർമാൻ എം പി ജാക്സൻ ചലച്ചിത്രമേള ഉദ്ഘാടനം ചെയ്തു.

കലകളുടെ ഉറവിടമായ ഇരിങ്ങാലക്കുടയിൽ അഞ്ച് വർഷത്തിനുള്ളിൽ ആർട്ട് തീയേറ്റർ സ്ഥാപിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ചെയർമാൻ അറിയിച്ചു. ഇരിങ്ങാലക്കുട ഫിലിം സൊസൈറ്റി പ്രസിഡണ്ട് മനീഷ് വർഗ്ഗീസ് അധ്യക്ഷത വഹിച്ചു.

മേളയുടെ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഫെസ്റ്റിവൽ ഗൈഡ് സംവിധായകൻ സഞ്ജു സുരേന്ദ്രൻ സെന്റ് ജോസഫ്സ് കോളേജ് ചെയർപേഴ്സൺ അഫ്ല സിമിന് നൽകി പ്രകാശനം ചെയ്തു. മാസ് മൂവീസ് മാനേജ്മെന്റ് പ്രതിനിധി എം പി പോൾസൺ, ഫിലിം സൊസൈറ്റി രക്ഷാധികാരി പി കെ ഭരതൻ മാസ്റ്റർ, സെക്രട്ടറി നവീൻ ഭഗീരഥൻ, ട്രഷറർ രാജീവ് മുല്ലപ്പിള്ളി, എം ആർ സനോജ് തുടങ്ങിയവർ സംസാരിച്ചു.

ആദ്യദിനത്തിൽ മാസ് മൂവീസിൽ സഞ്ജു സുരേന്ദ്രൻ സംവിധാനം ചെയ്ത 'ഖിഡ്കി ഗാവ്', സജിൻ ബാബു സംവിധാനം ചെയ്ത 'തിയ്യേറ്റർ' , റോട്ടറി ക്ലബ് ഹാളിൽ ഫ്രഞ്ച് ചിത്രമായ 'നിനോ ' എന്നിവയാണ് പ്രദർശിപ്പിച്ചത്.

പ്രദർശനങ്ങൾക്കും സംവാദങ്ങൾക്കും ശേഷം സംവിധായകരെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി ജി ശങ്കരനാരായണൻ, പി കെ ഭരതൻ മാസ്റ്റർ എന്നിവർ ആദരിച്ചു.

മേളയുടെ രണ്ടാം ദിനമായ ഞായറാഴ്ച്ച മാസ് മൂവീസിൽ രാവിലെ 10 ന് ബീഹാറിലെ ദളിത് പെൺകുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന മലയാളിയായ സാമൂഹ്യ പ്രവർത്തക സുധ വർഗ്ഗീസിന്റെ ജീവിതം അടയാളപ്പെടുത്തുന്ന സംസ്ഥാന സർക്കാറിന്റെ അവാർഡ് നേടിയ ഷൈനി ജേക്കബ് ബെഞ്ചമിൻ സംവിധാനം ചെയ്ത 'വി വിൽ നോട്ട് ബി അഫ്രേഡ്', 12 ന് രണ്ടാം ലോക മഹായുദ്ധ കാലത്ത് പാപ്പുവ ന്യൂ ഗിനിയയിൽ കൊല്ലപ്പെട്ട ഇന്ത്യൻ സൈനികരുടെയും കാണാതായ തദ്ദേശീയരുടെയും ചരിത്രം രേഖപ്പെടുത്തുന്ന ഡോ ബിജുവിന്റെ 'പാപ്പ ബുക്ക്' എന്നീ ചിത്രങ്ങളും, വൈകീട്ട് 6ന് അക്കാദമി അവാർഡ് നോമിനേഷൻ ലഭിച്ച അർജന്റീനയിൽ നിന്നുള്ള 'ബെലൻ' എന്ന ചിത്രവും പ്രദർശിപ്പിക്കും

# നിയമസഭാ തിരഞ്ഞെടുപ്പ്: എഴുത്തച്ഛന്മാരുടെ മുന്നറിയിപ്പ്

തൃശൂർ: പിന്നോക്ക വിഭാഗമായ എഴുത്തച്ഛൻ സമുദായത്തിന്റെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കാൻ ഇടത് - വലത് മുന്നണികൾ തയ്യാറായില്ലെങ്കിൽ, നിയമസഭാ തിരഞ്ഞെടുപ്പിൽ സമുദായ വികാരം വോട്ടിലൂടെ പ്രകടമാക്കുമെന്ന് ,അഖില കേരളഎഴുത്തച്ഛൻ സമാജം മുന്നറിയിപ്പ് നൽകി.

ആവശ്യമെങ്കിൽ സ്ഥാനാർത്ഥികളെ നിർത്തും. തൃശൂർ - പാലക്കാട് - മലപ്പുറം ജില്ലകളിൽ എഴുത്തച്ഛൻ മാർക്ക് നിർണ്ണായക സ്വാധീനം ഉള്ളത് മുന്നണികൾ തിരിച്ചറിയണമെന്ന്,സമാജം സംസ്ഥാന പ്രസിഡണ്ട് അഡ്വ പി ആർ.സുരേഷ് ജനറൽ സെക്രട്ടറി വി.എ. രവീന്ദ്രൻ വാർത്താ സമ്മേളനത്തിലാവശ്യപ്പെട്ടു.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുക, ജാതി സെൻസ് നടപ്പാക്കുക, ചിറ്റൂർ തുഞ്ചൻ ഗുരു മം ഛീ സർക്കാർ ഏറ്റെടുത്ത് സർവകലാശാലയാക്കുക തുടങ്ങിയ വയാണ് ആവശ്യങ്ങൾ. ഇക്കാര്യങ്ങൾ ഉന്നയിച്ച് ഭാവി പരിപാടികൾ സമാജം സംസ്ഥാന സമ്മേളനം പ്രഖ്യാപിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു. 14 മുതൽ പ്രചാരണ പരിപാടികളോടെ തുടങ്ങിയ സംസ്ഥാന സമ്മേളന സമാപനം പൊതുസമ്മേളനത്തോടെ 28ന് വൈകീട്ട് തൃശൂരിൽ സമാപിക്കും. പതിനായിരം പേരുടെ പ്രകടനവും ഉണ്ടായിരിക്കും. തുടർന്ന് 5 മണിക്ക് തെക്കേ ഗോപുരനടയിൽ പൊതുയോഗം. രമേശ് ചെന്നിത്തല ഉൽഘാടനം ചെയ്യും. സി.പി.എം. ജില്ലാ സെക്രട്ടറി കെ.പി. അബ്ദുൾ ഖാദർ,, ബി.ജെ.പി.തൃശൂർ സിറ്റി ജില്ലാ പ്രസിഡന്റ് ജസ്റ്റിൻ ജേക്കബ്, അഡ്വ: എം.എ.കൃഷ്ണനുണ്ണി, ടി.ജി.രവി തുടങ്ങിയവർ പ്രസംഗിക്കും.

കേരളത്തിന്റെ പൊതു സ്വത്തായ മലപ്പുറം തിരൂരിലെ തുഞ്ചൻ, പറമ്പിൽ എം.ടി.വാസുദേവൻ നായരുടെ പ്രതിമ സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും സമാജം ആവശ്യപ്പെടുന്നു.

## തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വികസന സെമിനാർ സംഘടിപ്പിച്ചു

തൃശൂർ: ജില്ലാ പഞ്ചായത്ത് 2026- 27 വാർഷിക പദ്ധതി രൂപികരണത്തിന്റെ ഭാഗമായി വികസന സെമിനാർ സംഘടിപ്പിച്ചു. രാമവർമ്മപുരം വിജ്ഞാൻ സാഗറിൽ സംഘടിപ്പിച്ച സെമിനാർ മുൻ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ സുധീഷ് അധ്യക്ഷത വഹിച്ചു.

വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.ഐ സജിത കരട് വാർഷിക പദ്ധതി അവതരണം നടത്തി. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.എസ് വിനയൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീല ജോർജ്ജ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.ആർ മായ, ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ ടി.വി മദനമോഹനൻ, ജില്ലാ പഞ്ചായത്ത് അംഗം ഷോൺ പെല്ലിശ്ശേരി, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡേവിസ് മാസ്റ്റർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടോബി തോമസ് തുടങ്ങിയവർ സംസാരിച്ചു.

# തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്കിന് ദേശീയ തല അവാർഡ്

തൃശ്ശൂർ: കേന്ദ്ര സഹകരണ മന്ത്രലയത്തിന്റെ കീഴിലുള്ള ദേശീയ സഹകരണ വികസന കോർപറേഷൻ ന്റെ (NCDC) റീജിയണൽ അവാർഡിന് പ്രാഥമിക കാർഷിക വയപാ സഹകരണ സംഘം വിഭാഗത്തിൽ കേരളത്തിലെ മികച്ച രണ്ടാമത്തെ ബാങ്കായി തൃശ്ശൂർ സർവ്വീസ് സഹകരണ ബാങ്കിനെ തിരഞ്ഞെടുത്തു.

NCDC റീജിയണൽ ഡയറക്ടർ ശശിധരൻ കെ. എൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സഹകരണ സംഘം രജിസ്ട്രാർ സജിത്ത് ബാബു ഐഎഎസ് ൽ നിന്നും ബാങ്ക് പ്രതിനിധികളായ എം കെ കണ്ണൻ, വി. ശശിധരൻ സനോജ് പി എസ്, ബിനു എൻ വി എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

# വാരിയർ സമാജം ആചാര്യ സംഗമവും ആചാര്യശ്രേഷ്ഠ പുരസ്കാരവും നടത്തി

തിരുവിലാമല : സമസ്ത കേരള വാര്യർ സമാജം ആചാര്യശ്രേഷ്ഠ പുരസ്കാരവും, ആചാര്യ വന്ദനവും ഐവർമഠത്തിൻ മാധവവാര്യർ നഗറിൽ നടന്നു. സമാജം സംസ്ഥാന പ്രസിഡന്റ് പി.കെ മോഹൻദാസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് കെ. ഉണ്ണികൃഷ്ണവാര്യർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.വി. മുരളീധരവാര്യർ ആമുഖ ഭാഷണത്തിൽ സമാജം പ്രവർത്തനങ്ങളും പിതൃകർമ്മങ്ങളുമായവയെ കുറിച്ച് സംസാരിച്ചു.

40 വർഷത്തിലേറെയായി പിതൃകർമ്മങ്ങൾക്ക് നേതൃത്വം കൊടുത്ത ഐവർമഠത്തിന് ഇന്നത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വരുന്ന മാധവവാര്യരുടെ മകൻ അശോകൻ വാര്യരെ ആദരിച്ച് സ്നേഹോപഹാരം നല്കി. തുടർന്ന് വി. ജി. രാമവാര്യർ എറണാകുളം, ടി. വിജയൻ തൃശ്ശൂർ, ജി.കെ.വാര്യർ കോഴിക്കോട്, കെ. രാമകൃഷ്ണവാര്യർ മലപ്പുറം, വി.ബി ഉണ്ണികൃഷ്ണവാര്യർ കോട്ടയം, എം. ഉണ്ണികൃഷ്ണവാര്യർ കണ്ണൂർ, എസ്. ഗോപകുമാർ ആലപ്പുഴ എന്നിവർക്ക് ആചാര്യശ്രേഷ്ഠ പുരസ്കാരവും ദക്ഷിണയും നല്കി ആദരിച്ചു. യു.വി. രാമനാഥൻ, രഘുനാഥ്, വി.വി. സതീശൻ എന്നിവർ പ്രസംഗിച്ചു.

# പാലക്കാട് ഐഐടിയിൽ വിദ്യാർഥിനിക്ക് നേരേ അജ്ഞാതന്റെ ആക്രമണം

പാലക്കാട്: പാലക്കാട് ഐ.ഐ.ടി.യിൽ വിദ്യാർഥിനിയെ അജ്ഞാതൻ തലയ്ക്ക് അടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. വാളയാറിലെ ആശുപത്രിയിലെത്തിച്ച വിദ്യാർഥിനിയെ പിന്നീട് കോയമ്പത്തൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തിങ്കളാഴ്ച രാത്രി 8.30-ന് ഐ.ഐ. ടി. കാമ്പസിനകത്തുവെച്ചാണ് സംഭവം.

സേലത്തുനിന്നുള്ള നാലാം വർഷ വിദ്യാർഥിനി അശ്വനിക്കു (23) നേരെയാണ് ആക്രമണമുണ്ടായത്. നടന്നുപോകുമ്പോൾ പിന്നിൽനിന്നു വന്നയാൾ അടിച്ചെന്നാണ് അറിയുന്നത്. തലയിലും നെറ്റിയിലുമടക്കം പരിക്കുണ്ട്. ഇതുവഴിയെത്തിയ സഹപാഠികളാണ് പരിക്കേറ്റുകിടന്ന വിദ്യാർഥിനിയെ കാണുന്നത്. ഉടനെ ഐ.ഐ.ടി. അധികൃതരെ അറിയിച്ച് ആശുപത്രിയിലേക്ക് കൊണ്ടുപോവുകയായിരുന്നു. വിവരമറിഞ്ഞ് പാലക്കാട് കസബ പോലീസ് മൊഴിയെടുത്ത് അന്വേഷണം തുടങ്ങി. അടിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ലെന്നാണ് പോലീസ് പറയുന്നത്. അതിനിടെ, കാമ്പസിലെ സുരക്ഷാവീഴ്ചയിൽ വിദ്യാർഥികൾ പ്രതിഷേധിച്ചു. ഏകദേശം ഇരുന്നൂറോളം വിദ്യാർഥികളാണ് കാംപസിലെ പ്രതിഷേധത്തിൽ അണിനിരന്നത്.

## അഡ്വാൻസ്ഡ് എക്സൽ വർക്ക് ഷോപ്; അപേക്ഷ ക്ഷണിച്ചു

തൃശൂർ: കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്. ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടടയിലുള്ള സെന്റർ ഓഫ് അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ ഫെബ്രുവരി 24-ന് നടത്തുന്ന അഡ്വാൻസ്ഡ് എക്സൽ വർക്ക് ഷോപ്പിലേക്ക് അപേക്ഷ ക്ഷണിച്ചു.

അടിസ്ഥാന യോഗ്യത പ്ലസ് ടു. കോഴ്സ് ഫീ 750 രൂപ. രജിസ്റ്റർ ചെയ്യുന്നതിനായി 8136882389, 9495069307, 8547005087, 9895570442, 0471 2660512 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# അയ്യപ്പസംഗമം: വിജയ് യേശുദാസും സംഘവും നയിച്ച ഗാനമേളക്ക് 36 ലക്ഷം, കേരളബാങ്ക് സ്പോൺസറല്ല

തിരു: പമ്പയിൽ നടന്ന ആഗോള അയ്യപ്പസംഗമത്തിന്റെ സമാപനത്തിന് വിജയ് യേശുദാസ്, വീരമണി രാജു, സുദീപ് എന്നിവർ നയിച്ച ഗാനമേളയ്ക്ക് 28 ലക്ഷം രൂപയും ഇഷാൻ ദേവിന്റെ സംഗീതപരിപാടിയുടെ എട്ടുലക്ഷം രൂപയും അടക്കം 36 ലക്ഷം ചെലവായതായി കണക്ക്. മന്ത്രി വി.എൻ. വാസവൻ നിയമസഭയിൽ നൽകിയ മറുപടിയിലാണ് ഇക്കാര്യമുള്ളത്.

വിജയ് യേശുദാസും സംഘവും നയിച്ച പരിപാടിക്ക് 28 ലക്ഷം ചെലവ് നിശ്ചയിച്ചെങ്കിലും 14 ലക്ഷത്തോളം രൂപയേ നൽകിയുള്ളൂവെന്നും മറുപടിയിൽ പറയുന്നു. ഇഷാൻദേവിന്റെ പരിപാടിക്ക് എട്ടുലക്ഷം നിശ്ചയിച്ചെങ്കിലും നാലുലക്ഷം രൂപയാണ് നൽകിയത്. കലാ-സാംസ്കാരിക പരിപാടികൾക്ക് വകയിരുത്തിയതിന്റെ ഇരട്ടിത്തുകയുടെ ബില്ലുകൾ നൽകിയെന്ന ആരോപണം ശരിയല്ലെന്നും കെ. ബാബു, മാത്യു കുഴൽനാടൻ, കെ.കെ. രമ, ടി.ജെ. വിനോദ് എന്നിവർക്കുള്ള മറുപടിയിൽ മന്ത്രി വ്യക്തമാക്കി.

നന്ദഗോവിന്ദത്തിന് അസൗകര്യമുള്ളതിനാണ് ഇഷാൻ ദേവിന്റെ പരിപാടി നടത്തിയതെന്ന് മന്ത്രി പറഞ്ഞു. നന്ദഗോവിന്ദം ഭജൻസ് അവതരിപ്പിച്ചെന്ന് രേഖപ്പെടുത്തിയത് ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചറിന്റെ പിഴവാണ്.

ഏജൻസി നൽകിയ അപൂർണവും വ്യക്തതയില്ലാത്തതുമായ ബില്ലുകൾ അനുവദിക്കില്ല. സംഗമത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ അപാകം ദേവസ്വംബോർഡിന്റെ ടാസ്ക് ഫോഴ്സ് പരിശോധിച്ചശേഷമേ ബാക്കി നൽകൂ. അയ്യപ്പസംഗമത്തിന് കേരളബാങ്ക് സ്പോൺസറായിരുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി. സ്പോൺസർഷിപ്പ് ഇനത്തിൽ കേരളബാങ്ക് പണം നൽകിയിട്ടില്ലെന്ന് എൻ. ഷംസുദീന്റെ ചോദ്യത്തിന് മന്ത്രി മറുപടി നൽകി.

കേരളബാങ്ക് സ്പോൺസർഷിപ്പ് ഇനത്തിൽ തുക നൽകിയിട്ടുണ്ടോ, സ്പോൺസർഷിപ്പിന് ദേവസ്വംബോർഡ് സർക്കാരിനെയോ കേരളബാങ്കിനേയോ കത്തോ ഇ-മെയിലോ മുഖേന ബന്ധപ്പെട്ടിട്ടുണ്ടോ, അതിന്റെ പകർപ്പുണ്ടോ, തുക നൽകാൻ ബാങ്കിന്റെ ഡയറക്ടർബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ എന്നീ ചോദ്യങ്ങൾക്കെല്ലാം ഒരേമറുപടിയാണ്-'സ്പോൺസർഷിപ്പിനത്തിൽ തുക നൽകിയിട്ടില്ല.'

## റെയിൽവേട്രാക്കിൽ യുവതിയുടെ മൃതദേഹം; കൊലപാതകമെന്ന് സംശയം

കൊച്ചി: വൈറ്റിലയിൽ റെയിൽവേട്രാക്കിന് സമീപം യുവതിയെ മരിച്ചനിലയിൽ കണ്ടെത്തി. വൈറ്റില ഫ്ളൈ ഓവറിന് താഴെ റെയിൽവേട്രാക്കിന് സമീപത്തായാണ് യുവതിയുടെ മൃതദേഹം കണ്ടെത്തിയത്. സംഭവം കൊലപാതകമാണെന്നാണ് സംശയം. മരിച്ചയാളെ തിരിച്ചറിയാനായിട്ടില്ല.

ഇന്ന് പുലർച്ചെ മൂന്നുമണിയോടെ ഇതുവഴി കടന്നുപോയ ട്രെയിനിന്റെ ലോക്കോപൈലറ്റാണ് ട്രാക്കിന് തൊട്ടരികിലായി മൃതദേഹം കണ്ടത്. തുടർന്ന് റെയിൽവേ അധികൃതരെയും പോലീസിനെയും വിവരമറിയിക്കുകയായിരുന്നു.

മരിച്ച യുവതിക്ക് 35-40 വയസ്സ് പ്രായമുണ്ടെന്നാണ് കരുതുന്നത്. മലയാളിയാണെന്നാണ് സംശയം. സംഭവം കൊലപാതകമാണെന്നും സംശയിക്കുന്നു. മൃതദേഹം റെയിൽവേ ട്രാക്കിന് സമീപത്തായി കിടത്തിയനിലയിലാണ്. ഇതാണ് കൊലപാതകമാണെന്ന സംശയത്തിന് കാരണം. പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. സമീപത്തെ സിസിടിവി ദൃശ്യങ്ങളടക്കം പരിശോധിച്ചുവരികയാണ്.

## ടെണ്ടർ ക്ഷണിച്ചു

തൃശൂർ: വനിത, ശിശുവികസന വകുപ്പിന് കീഴിലുള്ള കൊടകര അഡീഷണൽ ഐസിഡിഎസ് പ്രോജക്റ്റിലെ 121 അങ്കണവാടികളിലേക്ക് 2025-26 വർഷത്തെ പ്രീസ്കൂൾ കിറ്റ് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ടെണ്ടർ ക്ഷണിച്ചു. ബന്ധപ്പെടുക. ഫോൺ 0480 2727990

# തൃശൂർ കലാസദൻ: ബാബു കവലക്കാട്ട് പ്രസിഡന്റ് ഫാ. ജിയോ തെക്കിനിയത്ത് സെക്രട്ടറി

ബാബു ജെ. കവലക്കാട്ട് ഫാ. ജിയോ തെക്കിനിയത്ത് എ.എ. ആന്റണി

തൃശൂർ: കലാസദൻ പ്രസിഡന്റായി ബാബു ജെ. കവലക്കാട്ടിനേയും സെക്രട്ടറിയായി ഫാ. ജിയോ തെക്കിനിയത്തിനേയും വീണ്ടും തെരഞ്ഞെടുത്തു. ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് രക്ഷാധികാരിയും ബിഷപ് മാർ ടോണി നീലങ്കാവിൽ ഉപരക്ഷാധികാരിയുമാണ്. ബേബി മൂക്കൻ -വൈസ് പ്രസിഡന്റ്, ബാബു ചിറ്റിലപ്പിള്ളി -ജോയിന്റ് സെക്രട്ടറി, പി.ആർ.ഒ, എ.എ. ആന്റണി -ട്രഷറർ.

സംഗീത വിഭാഗം: ജേക്കബ് ചെങ്ങലായ്- കൺവീനർ, എം.ജെ. തോമസ് -ജോയിന്റ് കൺവീനർ, സാഹിത്യ വിഭാഗം: ഫ്രാങ്കോ ലൂയിസ്- കൺവീനർ, സിൽവി ജോർജ്ജ് - ജോയിന്റ് കൺവീനർ, നൃത്ത വിഭാഗം: മേഴ്സി ബാബു- കൺവീനർ, ഓമന മൂക്കൻ - ജോയിന്റ് കൺവീനർ, മ്യൂസിക് അക്കാദമി: സി.ജെ. ജോൺ -കൺവീനർ, ഫിജോ ജോർജ്ജ് മൊയലൻ -ജോയിന്റ് കൺവീനർ, സോഷ്യൽ മീഡിയ, നാടക വിഭാഗം: ഫാ. അനീഷ് കൂത്തൂർ -കൺവീനർ, ഫാ. സെബി വെളിയൻ -ജോയിന്റ് കൺവീനർ,, ലളിതകലാ വിഭാഗം: ജോമോൻ ചെറുശ്ശേരി -കൺവീനർ, പ്രൊജക്റ്റ് കോഓഡിനേറ്റർ, ലിജിൻ ഡേവിസ് -ജോയിന്റ് കൺവീനർ, ഫാ അനീഷ് കൂത്തൂർ, എം.ജെ. തോമസ്- ഇന്റേണൽ ഓഡിറ്റേഴ്സ് എന്നിവരാണു ഭാരവാഹികൾ.


ഉത്രാളിക്കാവ് പൂരം ആശംസകൾ!

HARE KRISHNA
JEWELLERY
Kailas Nagar, Yesudas Road
KUNNAMKULAM
Sandeep : 9745836426


## കോടതി പരസ്യം

### ബഹു. തൃശൂർ CDRC കോടതി മുമ്പാകെ

CC: 722/2025

Smt. SIBY VINCENT W/o. Vincent, Thadikkaran House, Edathuruthy Village, Edathuruthy P.O. Mukunkdapuram, Thrissur

-Complainant

OP 2) Aztron Mobility Pvt Ltd., Represented by the Managing Director, Ground Floor, 14/3, A1, Building Autostrake, Guruvayur Road, Puzhakkal, Thrissur

- Opposite Party No. 2

Surya Jaya Motors, Dealer of Revalt Motors, Represented by Nikel, Ardhara Arcade, Punkunnam, Thrissur

- Opposite Party No. 3

പത്രപരസ്യം

മേൽനമ്പറിൽ രണ്ടും മൂന്നും എതൃകക്ഷികൾക്കുള്ള നോട്ടീസ് CDRC യിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് കേസ് 27-04-2026തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കമ്മീഷൻ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു,

എന്ന്, 24-02-2026
ഹരജിഭാഗം അഡ്വക്കെറ്റ്
രഞ്ജിത്ത് വി ആർ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4




കേരള സർക്കാർ
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# ലൈഫ്
## സഫലമായ സ്വപ്നങ്ങൾ
# 5 ലക്ഷം വീടുകൾ

ഒന്നായി തുടരാം
നവകേരളത്തിലേക്ക്

## പൂർത്തീകരണ പ്രഖ്യാപനം

**ശ്രീ.പിണറായി വിജയൻ**
ബഹു.മുഖ്യമന്ത്രി

അദ്ധ്യക്ഷൻ
**ശ്രീ.എം.ബി.രാജേഷ്**
ബഹു.തദ്ദേശ സ്വയംഭരണം എക്സൈസ്
പാർലമെന്ററികാര്യ വകുപ്പ് മന്ത്രി

**2026 ഫെബ്രുവരി 24 ചൊവ്വ, വൈകുന്നേരം 4 മണി**
**പൂജപ്പുര മൈതാനം, തിരുവനന്തപുരം**

ഭവനനിർമാണത്തിന് രാജ്യത്ത് ഏറ്റവും ഉയർന്ന ധനസഹായം നൽകുന്ന
**സംസ്ഥാനം**

പൊതുവിഭാഗത്തിന്
**4 ലക്ഷം**

പട്ടികവർഗ വിഭാഗത്തിന്
**6 ലക്ഷം**

ചെലവഴിച്ചത്
**20,831.6 കോടി**
കേരളത്തിന്റെ വിഹിതം
**18,342.7 കോടി**

- 6,04,046 വീടുകൾക്ക് കരാർ വെച്ചു
- 18 ഭവന സമുച്ചയങ്ങൾ
- കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 2000 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ 2.5 ലക്ഷം വീതം
- മനസ്സോടിത്തിരി മണ്ണ് പരിപാടിയിലൂടെ 29.2 ഏക്കർ ഭൂമി
- ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ യുമായി സഹകരിച്ച് 100 വീടുകൾ